**15U338** (Pages:2) Name: ……………………

Reg. No……………………

**THIRD SEMESTER B.A. / B.Sc. DEGREE EXAMINATION, NOVEMBER 2016**

(CUCBCSS - UG)

**CC15U MAL3 B03 - മലയാളകവിത ഉത്തരഘട്ടം**

Malayalam - Core Course

(2015 Admission)

Time: Three Hours Maximum: 80 Marks

**I ഒറ്റവാക്കിൽ ഉത്തരമെഴുതുക. ഓരോന്നിനും അരമാർക്ക് വീതം**

1 ഉർവ്വശീനൃത്തം കാണാനെത്തിയ സദസ്യർ ആരെല്ലാം?

2 ദിവ്യദുഃഖത്തിന്റെ നിഴലിൽ എന്ന കവിതയിൽ കവി അഭിസംബോധനചെയ്യുന്നത് ആരെയാണ്?

3 സഫലമീയാത്ര എന്ന കവിതയുടെ രചയിതാവ് ആര്?

4 'മറ്റൊരു വണ്ടിക്കാള' എന്ന പ്രയോഗംകൊണ്ട് കവി ഉദ്ദേശിക്കുന്നത് എന്താണ്?

5 സച്ചിദാനന്ദന്റെ 'നീതിയുടെ വൃക്ഷം' എന്ന കവിത ആരെക്കുറിച്ചാണ്?

6 എല്ലാ ജീവികളും ആഗ്രഹിക്കുന്ന അവസാനവിശ്രമം എന്താണെന്നാണ് കവി പറയുന്നത്?

7 കഥനം എന്ന പദത്തിന്റെ അർത്ഥം?

8 അവസരോചിതൻ എന്ന കവിതയിലെ നായകന് മന്ത്രി എന്തുസ്ഥാനമാണ് നൽകിയത്?

9 മാനസാന്തരം എന്ന കവിതയിലെ ഭാഷകനെ വിശേഷിപ്പിക്കുന്ന പേരെന്ത്?

10 മഴപ്പൊട്ടൻ എന്ന കവിത എഴുതിയത് ആര്?

**II ഒന്നോ രണ്ടോ വാക്യത്തിൽ എല്ലാ ചോദ്യത്തിനും ഉത്തരമെഴുതുക. ഓരോന്നിനും രണ്ടുമാർക്ക് വീതം**

11 'ഉൾപ്രിയമോടെ കൺചായ്ച്ചപ്പോ-
ളുത്തരവായി പുരന്ദരൻ' - ഉത്തരവ് എന്തായിരുന്നു?

12 നീതിയുടെ വൃക്ഷം എന്ന കവിതയിൽ എരുക്കിൻചെടി നടാൻ കവി ആഹ്വാനം ചെയ്യുന്നത് എന്തുകൊണ്ട്?

13 വീട്ടിലേക്കുള്ള വഴി എന്ന കവിതയിൽ കവിയെ വീട്ടിലേക്ക് തിരിച്ചുവിളിക്കുന്ന ഘടകങ്ങൾ എന്തെല്ലാം?

14 അപ്പൂപ്പൻതാടിയോട് നാം കാണിക്കുന്ന കരുണ എന്താണ്?

15 'പെണ്ണിനെ കട്ടുപോം തീവ്രവാദം
പെണ്ണിനെ കാട്ടിലെറിഞ്ഞുപോം ധർമ്മവാദം' - പരാമൃഷ്ടമാകുന്ന തീവ്രവാദവും ധർമ്മവാദവും എന്തെന്ന് വ്യക്തമാക്കുക.

**III** **ഏതെങ്കിലും അഞ്ചു ചോദ്യത്തിന് ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക. ഓരോന്നിനും അഞ്ചുമാർക്ക് വീതം.**

16 ''ആത്മവിസ്മൃതിതേടി
നീ നടത്തുമീ സർഗ്ഗലീലയിൽ
നിന്നഴൽ നിഴലിക്കേ
ഹാ! പഴിപ്പൂ ഞാൻ നിന്നെ!'' - ആരെയാണ് കവി പഴിക്കുന്നത്? സന്ദർഭവും ആശയവും വ്യക്തമാക്കുക.

17 'നിന്റെ ജീവിതം നിൻകാര്യംമാത്രം' ആര് ആരോടു പറഞ്ഞ വാക്കുകൾ? സന്ദർഭം വിവരിച്ച് എഴുതുക.

18 മനുഷ്യമനസ്സിനെ ശുദ്ധീകരിക്കുന്നതാണ് ചെമ്മനത്തിന്റെ കവിതകൾ - വിശദീകരിക്കുക.

19 സത്രത്തിലെ മുറിക്കുള്ളിൽ കുറ്റവാളി കണ്ട കാഴ്ചകൾ എന്തെല്ലാം?

20 'പുണർന്നീടുക നിൻ ഭുജഭുജംഗവലയങ്ങളാൽ' - എന്തിനെ പുണരാനാണ് കവി ആഹ്വാനം ചെയ്യുന്നത്? വിശദമാക്കുക.

21 കാലം ചെല്ലുന്തോറും കനംവയ്ക്കുന്നതാണ് ആറ്റൂരിന്റെ കവിതകൾ. വ്യക്തമാക്കുക.

22 കാളകൾ എന്ന കവിതയിൽ ഒരു നാൾ ഗ്രാമവീഥിയിൽ കവി കണ്ട കരളുനടുങ്ങുന്ന ദൃശ്യം എന്തായിരുന്നു?

**IV** **ഏതെങ്കിലും നാലു ചോദ്യത്തിന് ഉപന്യാസരൂപത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും പത്തുമാർക്ക് വീതം.**

23 എൻ.എൻ.കക്കാട് നാഗരികജീവിതഭാവത്തെ പാതാളത്തിന്റെ മുഴക്കം എന്ന കവിതയിൽ അടയാളപ്പെടുത്തുന്നത് എങ്ങനെ?

24 യൂസഫലി കേച്ചേരിയുടെ ആയിരം നാവുള്ള മൗനം എന്ന കവിതയുടെ സാരാംശം ചർച്ചചെയ്യുക.

25 നിലവിലിരിക്കുന്ന ചൂഷണവ്യവസ്ഥയെ കത്തിച്ചുകളയണമെന്ന കലാപചിന്തയുടെ തീക്കാറ്റാണ് കെ.ജി.ശങ്കരപ്പിള്ളയുടെ കവിതകൾ. കഥനം എന്ന കവിതയെ മുൻനിറുത്തി ചർച്ചചെയ്യുക.

26 പൗരാണികതയുടെയും ആധുനികതയുടെയും സമന്വയമാണ് 'മൃത്യുപൂജ'. പരിശോധിക്കുക.

27 വി.എം.ഗിരിജയുടെ 'പെണ്ണുങ്ങൾ കാണാത്ത പാതിരാനേരങ്ങൾ' എന്ന കവിതയിൽ പ്രത്യക്ഷമാകുന്ന സ്ത്രീയുടെ അസ്വാതന്ത്ര്യം സമകാലിക കാഴ്ചപ്പാടിൽ വിശദീകരിക്കുക.

28 മാനസാന്തരം എന്ന കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

*******